**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ്. - എൻഡോസൾഫാൻ ഇൻഡഗ്രേറ്റഡ് പാക്കേജ് - എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകൾ-പ്രവൃത്തികൾക്ക് ടെൻഡർ എക്സസ് നല്കുന്നത് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ).1528/15/തസ്വഭവ തിരുവനന്തപുരം, തീയതി, 22.05.2015

=====================================================================

പരാമർശം:- 1. 20.04.2015 ലെ ചീഫ് എഞ്ചിനീയറുടെ ഡിബി5/5196/14/സിഇ/തസ്വഭവ നമ്പർ കത്ത്.
2. 25.04.2015 ന് ചേർന്ന ടെണ്ടർ കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെട്ട പനത്തടി ഗ്രാമപഞ്ചായത്ത്, കയ്യൂർ ഗ്രാമപഞ്ചായത്ത്, കള്ളാർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ബഡ്സ് സ്കൂൾ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ലഭിച്ച ടെണ്ടറുകളുടെ ടെണ്ടർ എക്സസ് അംഗീകരിക്കണമെന്ന് പരാമർശം(1)പ്രകാരം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. ടി പ്രവൃത്തികൾ റിവൈസ്ഡ് എസ്.ഒ.ആർ. 2010 പ്രകാരമാണ് ടെണ്ടർ ചെയ്തിരുന്നത്. ടെണ്ടർ എക്സസ് ടെണ്ടർ കമ്മിറ്റി മീറ്റിംഗിൽ താഴെപ്പറയുന്ന റിവൈസ്ഡ് എസ്.ഒ.ആർ. 2010 പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് കരാറുകാരിൽ നിന്നും ലഭിച്ച ടെണ്ടറുകളിലെ റേറ്റുകൾ ലോക്കൽ മാർക്കറ്റ് റേറ്റുമായി താരതമ്യം ചെയ്തതിൽ നിന്നും കരാറുകാർ ആവശ്യപ്പെട്ട ടെണ്ടർ എക്സസ് ലോക്കൽ മാർക്കറ്റ് റേറ്റിനേക്കാൾ കുറവാണ്.

പരാമർശം(2) പ്രകാരം ടെണ്ടർ കമ്മിറ്റി ചേരുകയും താഴെപറയും പ്രകാരം ടെണ്ടർ എക്സസുകൾ അംഗീകരിക്കുകയും ചെയ്തു. ടി പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് നിർദ്ദിഷ്ട തീയതിക്കുള്ളിൽ പൂർത്തീകരണം നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കാസർഗോഡ് നടത്തേണ്ടതാണ്. പ്രവൃത്തിയ്ക്ക് അധികം ആവശ്യമായി വരുന്ന തുക ബന്ധപ്പെട്ട പദ്ധതിയ്ക്ക് അംഗീകാരം നൽകിയ വകുപ്പിൽ നിന്നും RIDF-ന്റെ എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുന്ന ഉപേക്ഷിച്ച

പ്രവൃത്തികളിൽ നിന്നും കണ്ടെത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ ചെയ്യാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കാസർഗോഡിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു

| Sl.No | Name of work | Tendered PAC as per revised SOR 2010 | Tender excess approved | |
|---|---|---|---|---|
| | | | Amount | % above estimate rate |
| 1 | Construction of BUDS school at Panthady in Panathady GP | 1,34,10,325/- | 1,77,68,683/- | 32.50 |
| 2 | Construction of BUDS school at Kallar in Kallar GP | 1,34,74,418/- | 1,88,43,979/- | 39.85 |
| 3 | Construction of BUDS school at Kayyur in Kayyur-Cheemeni GP | 1,36,51,726/- | 1,82,70,105/- | 33.83 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കാസർഗോഡ്
4. ധനകാര്യവകുപ്പ്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഐ.കെ.എം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ